# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര


**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**


(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


E mail: kauagmet@yahoo.co.in


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 06/17, ചൊവ്വാഴ്ച** **തീയ്യതി 07.02.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 34.6 മുതൽ 37.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.1 മുതൽ 24.3 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 46 മുതൽ 70 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 22 മുതൽ 41 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 3.6 മുതൽ 8.1 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 8.7 മുതൽ 10.3 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.7 മുതൽ 6.6 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**


**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**


| കാലാവസ്ഥാ ഘടകങ്ങൾ | 08.02.2017 | 09.02.2017 | 10.02.2017 | 11.02.2017 | 12.02.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C ) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 1 | 1 | 1 | 1 | 1 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 30 | 30 | 30 | 30 | 30 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 290 | 290 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | ഇലത്തീനിപ്പുഴു | അന്തരീക്ഷ താപനില കൂടി വരുന്നതിനാൽ വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ഫെയിം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | ചെമ്പൻ ചെല്ലി | ചെറു തെങ്ങുകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം കണ്ടു വരുന്നു. പ്രതിരോധ നടപടിയായി ഇമിഡാ ക്ലോപിഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി കൂമ്പിൽ ഒഴിച്ച് കൊടുക്കുക. |
| വെള്ളരിവർഗ്ഗ പച്ചക്കറികൾ | ബാക്ടീരിയൽ വാട്ടം | വെള്ളരി വർഗ്ഗ പച്ചക്കറികളിൽ ബാക്ടീരിയ വരുത്തുന്ന വാട്ടത്തെ നിയന്ത്രിക്കാൻ നടുന്ന സമയത്ത് തടങ്ങളിൽ കുമ്മായം ചേർക്കുക. കായ്ക്കുന്ന സമയത്ത് വാട്ടം കണ്ടാൽ ചുറ്റുമുള്ള തടങ്ങളിൽ 400 ഗ്രാം കുമ്മായവും 40 ഗ്രാം യൂറിയയും ഒന്നിച്ച് ഓരോ തടത്തിലും വിതറി മണ്ണിൽ കൊത്തി ചേർക്കുക. ഇത് പകർച്ച തടയും. |